സദാശിവ ഭട്ട് കെ.
വനം-മൃഗസംരക്ഷണം-ക്ഷീരവികസനം
മൃഗശാല വകുപ്പുമന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറി
കേരളം

അഞ്ചാം നില, അനക്സ്-II
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001
ഫോൺ: ഓഫീസ് : 0471-2331255
0471-2518321
ഫാക്സ് : 0471-2332665
മൊബൈൽ : 9495626099
9447685500

പ്രസിദ്ധീകരണത്തിന്

തീയതി..............................

2018 ജൂൺ 27

## പുനലൂർ ആസ്ഥാനമാക്കി പുതിയ റവന്യൂ ഡിവിഷൻ അനുവദിച്ചു

പുനലൂർ മേഖലയിലെ ജനങ്ങളുടെ ദീർഘകാല അഭിലാഷമായ പുനലൂർ റവന്യൂ ഡിവിഷൻ രൂപീകരണത്തിന് ഇന്നത്തെ മന്ത്രിസഭാ യോഗം അനുമതി നൽകി. പുനലൂർ ആസ്ഥാനമാക്കി പുതിയ റവന്യൂ ഡിവിഷൻ വരുന്നതോടെ നിരവധി വിഷയങ്ങൾക്കാണ് പരിഹാരമാകുന്നത്. കിഴക്കൻ മലയോര മേഖലയിലെ പത്തനാപുരം, പുനലൂർ, നിർദ്ദിഷ്ട ചടയമംഗലം, കൊട്ടാരക്കര താലൂക്കുകളുടെ മധ്യത്താണ് പുനലൂർ സ്ഥിതി ചെയ്യുന്നത്. ഈ മേഖലയിലെ ജനങ്ങൾക്ക് ഉദ്ദേശം ഒരു മണിക്കൂറിനകം റവന്യൂ ഡിവിഷൻ ആസ്ഥാനത്ത് എത്തിച്ചേരുവാൻ സാധിക്കും. ജില്ലയിൽ ഏറ്റവും കൂടുതൽ ഭൂമിസംബന്ധമായ പ്രശ്നങ്ങൾ ഉള്ളതും പുനലൂർ താലൂക്കിലാണ്. ഹാരിസൺ മലയാളം കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമി, അരിപ്പ ഭൂമിയിലെ കയ്യേറ്റ സമരം, സാം നഗർ കോളനി വിഷയം, ദർഭക്കുളം ഭൂമി പ്രശ്നം എന്നിവയിലെ നടപടികൾ പൂർത്തീകരിക്കുന്നതിന് പുനലൂർ ആസ്ഥാനമായി റവന്യൂ ഡിവിഷൻ യാഥാർത്ഥ്യമാകുന്നതോടെ സാധ്യമാകും. പുനലൂരിൽ റവന്യൂ ഡിവിഷൻ അനുവദിച്ചതോടെ കുറ്റാലം കൊട്ടാരത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും ഇടപെടാൻ സാധിക്കും. പുനലൂരിൽ ആർ.ഡി.ഒ ഓഫീസ് അനുവദിച്ചതോടെ ആർ.ഡി.ഒ യെ നിയോജകമണ്ഡലം വരണാധികാരിയായി നിയമിക്കുവാൻ സാധിക്കും. പത്തനാപുരം, പുനലൂർ, കൊട്ടാരക്കര താലൂക്കുകളിൽ ഉൾപ്പെട്ട 50 വില്ലേജുകൾ ഉൾപ്പെടുത്തി പുനലൂർ ആസ്ഥാനമായി പുതിയ റവന്യൂ ഡിവിഷൻ വരുമ്പോൾ ജില്ലയിൽ ആകെയുള്ള 5326 പട്ടികവർഗ്ഗ

ജനസംഖ്യയിൽ 5104 പേരും അധിവസിക്കുന്ന പത്തനാപുരം -പുനലൂർ താലൂക്കുകളിലെ ടി ജനവിഭാഗങ്ങൾക്ക് വനാവകാശ നിയമം അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കൽ തുടങ്ങി ആർ.ഡി.ഒ യുടെ ചുമതലയിൽപ്പെട്ട പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമവും സുഗമവുമാകും എന്ന പ്രത്യേകതയുമുണ്ട്. പുനലൂർ എം.എൽ.എയും നിലവിൽ സംസ്ഥാന വനം,മൃഗസംരക്ഷണ, ക്ഷിരവികസന വകുപ്പ് മന്ത്രിയുമായ അഡ്വ.കെ.രാജു എം.എൽ.എയായിരുന്ന കാലയളവിൽ തന്നെ സബ്മിഷനുകളുൾപ്പെടെ നിരവധി തവണ നിയമസഭയിൽ ഈ വിഷയം ഉന്നയിച്ചിട്ടുള്ളതാണ്. തുടർന്നുള്ള അദ്ദേഹത്തിന്റെ നിരന്തര ഇടപെടലുകളുടെയും കഠിനപരിശ്രമങ്ങളുടെയും ഫലമായാണ് ഈ മേഖലയിലെ ജനങ്ങളുടെ ചിരകാല അഭിലാഷം ഇപ്പോൾ പൂവണിയുന്നത്.

കെ.സദാശിവ ഭട്ട്